സംസ്ഥാന പോലീസ് മേധാവി ശ്രീ.അനിൽകാന്ത് എറണാകുളം റൂറൽ ജില്ലയിലെ ഉദ്യോഗസ്ഥരുമായി ജില്ലാ പോലീസ് ആസ്ഥാനത്ത് കൂടിക്കാഴ്ച നടത്തി. ജില്ലയിലെ പൊതുവായ ക്രമസമാധാനനില, നിരന്തര കുറ്റവാളികൾക്കും മദ്യ മയക്കുമരുന്ന് മാഫിയാ സംഘങ്ങൾക്കും എതിരെ സ്വീകരിക്കുന്ന നിലപാടുകൾ തുടങ്ങിവ മീറ്റിങ്ങിൽ ചർച്ച ചെയ്തു. റൂറൽ ജില്ലയിലെ ക്രമസമാധാന പാലനത്തിൽ സംതൃപ്തി രേഖപ്പെടുത്തിയ മേധാവി പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനെക്കുറിച്ച് മാർഗ്ഗ നിർദേശം നൽകി.